LIBRARY ARCHIVES Kerala Legislative Assembly

ലോക്കപ്പ് മരണങ്ങൾ

23 (299) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര ലോക്കപ്പ് മരണങ്ങൾ ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; എവിടെയൊക്കെയാണ് മരണം നടന്നതെന്ന് പോലീസ് സ്റ്റേഷന്റെ പേരും തീയതിയും മരിച്ച ആളുകളുടെ പേരും സഹിതം വിശദമാക്കുമോ;

(ബി) ലോക്കപ്പ് മരണംമൂലം എത്ര പോലീസ് ഉദ്യോഗസ്ഥരെ പ്രതിചേർത്ത് കേസ് എടുത്തിട്ടുണ്ടെന്നും പ്രസ്തുത ഉദ്യോഗസ്ഥർ ആരെല്ലാമെന്നും പേര് സഹിതം വിശദമാക്കുമോ;

(സി) ലോക്കപ്പ് മരണവുമായി ബന്ധപ്പെട്ട് എത്ര പോലീസ് ഉദ്യോഗസ്ഥരെ കേസിൽ ശിക്ഷിച്ചിട്ടുണ്ട്; ഇവർ ആരൊക്കെയെന്നറിയിക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് ഒരു ലോക്കപ്പ് മരണം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 25-1-2020-ൽ കോഴിക്കോട് നാസർ എന്നയാൾ കണ്ണൂർ ജില്ലയിലെ തലശ്ശേരി പോലീസ് സ്റ്റേഷനിലെ ലോക്കപ്പിന്റെ അഴിയിൽ മുങ്കി ഉപയോഗിച്ച് കെട്ടിത്തൂങ്ങി മരിച്ച സംഭവം ഉണ്ടായിട്ടുണ്ട്. ഈ സംഭവവുമായി ബന്ധപ്പെട്ട് ക്രൈം നമ്പർ 13/20 ആയി അസ്വാഭാവിക മരണത്തിന് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി&സി) ഈ സംഭവവുമായി ബന്ധപ്പെട്ട കേസ് ഇപ്പോൾ ക്രൈം ബ്രാഞ്ച് (കോഴിക്കോട്) അന്വേഷണത്തിലാണ്.

കസ്റ്റഡി മരണവും അന്വേഷണവും

24 (302) ശ്രീ. ജോർജ് മേഴ്സിയർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ഇതുവരെ എത്ര കസ്റ്റഡിമരണവും അത് സംബന്ധിച്ച അന്വേഷണവും ഉണ്ടായിട്ടുണ്ട്;

(ബി) കസ്റ്റഡിമർദ്ദനവും മരണവും സംബന്ധിച്ച എത്ര പരാതികളിന്മേൽ അന്വേഷണം നടത്തിയെന്ന് വ്യക്തമാക്കുമോ;

(സി) അന്വേഷണഫലമായി എത്ര കസ്റ്റഡിമരണങ്ങൾ തെളിഞ്ഞുവെന്ന് വ്യക്തമാക്കുമോ?